(സി) സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റുപ്രകാരം മെറിറ്റ് സീറ്റിലും 50% സംവരണ സീറ്റിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിൽ ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവർക്ക് വകുപ്പിൽ നിന്നും ആനുകൂല്യം നൽകുന്നില്ല.

(ഡി) ഉണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

126. [126] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതുമൂലം വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ ധാരയിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൊഴിഞ്ഞുപോകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉയർന്ന ക്ലാസുകളിലെത്തുന്നതിനിടയിൽ പഠിത്തം അവസാനിപ്പിച്ച് പോകുന്നതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തടയാനായി വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഹോസ്റ്റലോടുകൂടിയ സ്കൂളിൽ അയക്കുന്നതിന് അവരുടെ രക്ഷിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. അപ്രകാരം പോകുന്ന കുട്ടികളെ തിരികെ സ്കൂളിലെത്തിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly